# മലയാളം സിനി ടെക്നീഷ്യൻസ് അസ്സോസിയേഷൻ (മാക്ട)

വട്ടോളി എസ്റ്റേറ്റ്, സെന്റ് വിൻസന്റ് റോഡ്, എറണാകുളം നോർത്ത്, കൊച്ചി – 682 018


പ്രിയ അംഗങ്ങളെ,

17/10/2021 ലെ വാർഷിക പൊതുയോഗത്തിൽ അവതരിപ്പിച്ച് പാസാക്കിയ തിരഞ്ഞെടുപ്പ് നടപടി ക്രമങ്ങളും, ചില നടപടിക്രമങ്ങളിൽ വ്യക്തത വേണമെന്ന് അംഗങ്ങൾ ആവശ്യപ്പെട്ടത് പ്രകാരം നിയമോപദേശവും, വിദഗ്ദ്ധോപദേശവും സ്വീകരിച്ച് ഭേദഗതി വരുത്തി 04/11/2021 ലെ പൊതുയോഗത്തിൽ അവതരിപ്പിച്ച് പാസാക്കിയവയും ചേർത്ത് ക്രോഡീകരിച്ച മാക്ടയുടെ തിരഞ്ഞെടുപ്പ് നടപടി ക്രമങ്ങൾ അംഗങ്ങൾക്കു മുമ്പിൽ സമർപ്പിക്കുന്നു.

സുന്ദർദാസ്
ജന.സെക്രട്ടറി

# തിരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ

1) മൂന്ന് വർഷം കൂടുമ്പോൾ നിലവിലുള്ള ഭരണസമിതിയുടെ കാലാവധി അവസാനിക്കുന്നതും, ജൂൺ 30 ന് അകം വാർഷിക പൊതുയോഗം ചേർന്ന് പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കേണ്ടതുമാണ്. എന്തെങ്കിലും കാരണവശാൽ അപ്രകാരം പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുവാൻ സാധിക്കാത്ത പക്ഷം നിലവിലുള്ള ഭാരവാഹികൾ care taker എന്ന നിലയിൽ പരമാവധി 3 മാസം വരെ ഭരണം തുടർന്ന് നടത്തേണ്ടതും എന്നാൽ പോളിസി വിഷയങ്ങളിൽ തീരുമാനം എടുക്കുവാൻ അവർക്ക് അധികാരം ഇല്ലാത്തതുമാകുന്നു. 3 മാസത്തിനകവും പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കാൻ കഴിയാതെ വന്നാൽ രേഖാമൂലം ആ വിവരം അംഗങ്ങളെ അറിയിച്ചുകൊണ്ട് ചുമതലകൾ തുടർന്ന് വഹിക്കാവുന്നതാണ്. എങ്കിലും എത്രയും പെട്ടെന്ന് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്ത് ചുമതല കൈമാറുവാൻ ശ്രമിക്കേണ്ടതുമാണ്.

2) ടി വാർഷിക പൊതുയോഗത്തിന് കുറഞ്ഞത് 45 ദിവസം മുമ്പായി പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുവാനുള്ള തിരഞ്ഞെടുപ്പ് തിയ്യതി

യും, സ്ഥലവും, സമയവും നാമനിർദ്ദേശപത്രികകൾ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനവും അതാത് കാലത്തെ ഭരണസമിതി നിയമിക്കുന്ന വരണാധികാരി പുറപ്പെടുവിക്കേണ്ടതും ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതും കൂടാതെ അംഗങ്ങൾക്ക് നേരിട്ട് അയച്ചു കൊടുത്തും സംഘടനയുടെ വെബ്സൈറ്റിലൂടെയും പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

3) ടി വാർഷിക പൊതുയോഗത്തിന്റെ നടത്തിപ്പ് ചുമതല ചെയർമാനിലും ജനറൽ സെക്രട്ടറിയിലും നിക്ഷിപ്തമാണെങ്കിലും തിരഞ്ഞെടുപ്പിന്റെ ചുമതല വഹിക്കുവാൻ പ്രത്യേകം ഒരു വ്യക്തിയെ വരണാധികാരിയായി നിലവിലുള്ള നിർവ്വാഹക സമിതി നിയമിക്കേണ്ടതും അദ്ദേഹം തിരഞ്ഞെടുപ്പ് വ്യവസ്ഥകൾക്ക് വിധേയമായി തിരഞ്ഞെടുപ്പ് നടത്തേണ്ടതുമാണ്. വരണാധികാരിയുടെ പേര് വിവരങ്ങൾ (പേര്, അഡ്രസ്സ്, ഫോൺനമ്പർ എന്നിവ) തിരഞ്ഞെടുപ്പ് വിജ്ഞാപനത്തോടൊപ്പം ഓഫീസ് നോട്ടീസ് ബോർഡിലും ഒപ്പം സംഘടനയുടെ വെബ്സൈറ്റിലും മേൽ വിവരിച്ച മീഡിയകളിലൂടെയും പ്രസിദ്ധപ്പെടുത്തേണ്ടതാണ്. തിരഞ്ഞെടുപ്പ് വിജ്ഞാപനം അറിയിക്കുവാനുള്ള ചുമതല വരണാധികാരിക്ക് മാത്രമായിരിക്കും. വരണാധികാരിയായി നിയമിക്കപ്പെടുന്ന വ്യക്തിക്ക് ചെയർമാന്റേയും ജനറൽ സെക്രട്ടറിയുടെയും ഒപ്പും സംഘടനയുടെ സീലും ഉള്ള തിരഞ്ഞെടുപ്പ് നടപടി ക്രമങ്ങളുടെ കോപ്പി അദ്ദേഹം നിയമിതനായ ഉടനെ നൽകേണ്ടതാണ്.

4) നിർദ്ദിഷ്ട ഫോറത്തിൽ വേണം നാമനിർദ്ദേശ പത്രിക സമർപ്പിക്കുവാൻ. പ്രസ്തുത ഫോറത്തിൽ നിർദ്ദേശിക്കപ്പെടുന്ന ആളുടേയും നിർദ്ദേശിക്കുന്ന ആളുടെയും പിന്താങ്ങുന്ന ആളുടേയും പേരും അംഗത്വ നമ്പരും ഒപ്പും കൃത്യമായി ചേർത്തിരിക്കണം.

5) നാമനിർദ്ദേശ പത്രികകൾ സംഘടനയുടെ ഓഫീസിൽ നിന്നും നേരിട്ടോ രേഖാമൂലം ചുമതലപ്പെടുത്തിയ വ്യക്തിമുഖേനയോ സംഘടനയുടെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡു ചെയ്തോ, ഉപയോഗിക്കാവുന്നതാണ്.

6) ഒരംഗത്തിന് ഒരു സ്ഥാനാർത്ഥിയെ മാത്രമേ നാമനിർദ്ദേശം ചെയ്യാൻ സാധിക്കുകയുള്ളൂ. എന്നാൽ അതേ സമയം മറ്റൊരു സ്ഥാനാർത്ഥിയെ പിന്താങ്ങുവാനുള്ള അവകാശം ഉണ്ടായിരിക്കും. ഇങ്ങനെ രണ്ടു പേരെയല്ലാതെ മൂന്നാമതൊരു സ്ഥാനാർത്ഥിയെ നാമനിർദ്ദേശം ചെയ്യുകയോ പിന്താങ്ങുകയോ ചെയ്താൽ ആ 3 പത്രികകളും അസാധുവായിത്തീരും.

സ്ഥാനാർത്ഥികൾക്കും ഈ വ്യവസ്ഥ ബാധകമാണ്. സ്വയം നിർദ്ദേശിക്കുകയോ പിന്താങ്ങുകയോ ചെയ്തുകൊണ്ടുള്ള നാമനിർദ്ദശങ്ങൾ സ്വീകാര്യമല്ല. വരിസംഖ്യ കുടിശ്ശിക ഉള്ളവർക്ക് സ്ഥാനാർത്ഥികളാകുവാനോ നിർദ്ദേശിക്കുവാനോ പിന്താങ്ങുവാനോ അർഹതയുണ്ടാവില്ല. അപ്രകാരമുള്ള പത്രികകളും അസാധുവായി കണക്കാക്കുന്നതാണ്. ആയുഷ്ക്കാല അംഗങ്ങൾക്കും വരിസംഖ്യയിൽ കുടിശ്ശികയില്ലാത്ത ആക്ടീവ് അംഗങ്ങൾക്കും മാത്രമേ മേൽ അവകാശങ്ങൾ ഉണ്ടായിരിക്കുകയുള്ളൂ.
സ്വതന്ത്രമായി 3 ചിത്രങ്ങൾ പൂർത്തിയാക്കി സെൻസർ ചെയ്തവർക്കുമാത്രമായിരിക്കും നിർവ്വാഹക സമിതിയിലേക്ക് മത്സരിക്കുവാൻ അവകാശം. സ്വതന്ത്ര സാങ്കേതിക വിദഗ്ദരായി 3 ചിത്രങ്ങൾ പൂർത്തിയാക്കാതെ 10,000/- രൂപ (പതിനായിരം) അടച്ച് ആയുഷ്കാല അംഗത്വം നേടിയവർക്ക് തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ അർഹതയുണ്ടാവില്ല. എന്നാൽ വോട്ടവകാശം രേഖപ്പെടുത്തുവാനും, സ്ഥാനാർത്ഥികളെ നിർദ്ദേശിക്കുവാനും, പിന്താങ്ങുവാനും, അവർക്ക് അവകാശമുണ്ടായിരിക്കും.

7) തിരഞ്ഞെടുപ്പ് വിജ്ഞാപനത്തിൽ കാണിച്ചിരിക്കുന്ന നിർദ്ദിഷ്ട തിയ്യതിക്കും സമയത്തിനകത്തും ഓഫീസിൽ ലഭിക്കുന്ന പൂർണ്ണമായി പൂരിപ്പിച്ച പത്രികകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. നിർദ്ദിഷ്ട സമയത്തിനുള്ളിൽ പത്രികകൾ ഓഫീസിൽ ലഭിച്ചുവെന്ന് ഉറപ്പു വരുത്തുത്തേണ്ടത് സ്ഥാനാർത്ഥികളുടെ ഉത്തരവാദിത്വമാണ്. പത്രികകൾ ഓഫീസിൽ നേരിട്ട് സമർപ്പിക്കുകയോ രജിസ്ട്രേഡ് തപാൽ വഴി അയക്കുകയോ ചെയ്യാവുന്നതാണ്. നിർദ്ദിഷ്ട തിയ്യതിയും സമയവും കഴിഞ്ഞ് ലഭിക്കുന്ന പത്രികകൾ അസാധുവായി കണക്കാക്കുന്നതായിരിക്കും. ഇ-മെയിൽ വഴി പത്രികകൾ സമർപ്പിക്കുന്നവർ അവസാന തിയ്യതിക്ക് 48 മണിക്കൂർ മുൻപ് സമർപ്പിക്കേണ്ടതും അത് ഓഫീസ് ഇ-മെയിലിൽ ലഭിച്ചു എന്ന് ഉറപ്പു വരുത്തേണ്ടതും ആണ്.

8) നാമനിർദ്ദേശപത്രികകൾ ലഭിക്കുന്ന മുറയ്ക്ക് അവ ലഭിച്ച തിയ്യതിയും സമയവും സഹിതം ഓഫീസ് രജിസ്റ്ററിൽ ചേർക്കേണ്ടതും നിശ്ചിത അവധിക്ക് ശേഷം വരണാധികാരിയുടെ സൂക്ഷ്മ പരിശോധന കഴിഞ്ഞ് സാധുവായ നാമനിർദ്ദേശപത്രികകളുടെ വിവരം സംഘടനയുടെ നോട്ടീസ് ബോർഡിലും, വെബ്സൈറ്റിലും പരസ്യപ്പെടുത്തേണ്ടതാണ്.

9) മേൽപ്പറഞ്ഞ പ്രകാരം പരസ്യപ്പെടുത്തി 3 ദിവസത്തിനുള്ളിൽ നാമനിർദ്ദേശപത്രികകൾ സമർപ്പിച്ച സ്ഥാനാർത്ഥികൾക്ക് അവ പിൻവലിക്കാനുള്ള അവകാശം ഉണ്ടായിരിക്കും. ഓൺലൈൻ മുഖേനയോ രജിസ്ട്രേഡ്

തപാൽ മുഖേനയോ നേരിട്ട് വന്ന് രേഖാമൂലമോ സ്ഥാനാർത്ഥികൾക്ക് പിൻവലിക്കാവുന്നതാണ്.

10) പത്രികകൾ പിൻവലിക്കാനുള്ള നിശ്ചിത അവധി കഴിഞ്ഞാൽ അവശേഷിക്കുന്ന സാധുവായ പത്രികകളുടെ വിവരം സംഘടന ഓഫീസിലെ നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പരസ്യപ്പെടുത്തേണ്ടതാണ്.

11) ആയുഷ്ക്കാല അംഗങ്ങൾക്കും വരിസംഖ്യയിൽ കുടിശ്ശികയില്ലാത്ത ആക്ടീവ് അംഗങ്ങൾക്കും മാത്രമേ വോട്ട് ചെയ്യാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ. വോട്ടിംഗ് സമയത്ത് അംഗങ്ങൾ നിർബന്ധമായും സംഘടനയുടെ തിരിച്ചറിയൽകാർഡോ, ഏതെങ്കിലും സർക്കാർ അംഗീകൃത തിരിച്ചറിയൽ രേഖകളോ കരുതേണ്ടതാണ്.

12) തിരഞ്ഞെടുപ്പിന്റെ രഹസ്യ സ്വഭാവം സൂക്ഷിക്കുന്നതിനായി ബാലറ്റ് പേപ്പറുകളുടെ കൗണ്ടർ ഫോയിലിൽ മാത്രമേ ക്രമനമ്പർ മുദ്രണം ചെയ്യുവാൻ പാടുള്ളൂ. എന്നാൽ വരണാധികാരിയുടെ ഒപ്പും, സീലും, സംഘടനയുടെ സീലും, ബാലറ്റ് പേപ്പറിലും, കൗണ്ടർ ഫോയലിലും ഉണ്ടായിരിക്കണം.

13) തിരഞ്ഞെടുപ്പ് സംബന്ധമായി വരണാധികാരിയുടെ തീരുമാനം അന്തിമമായിരിക്കും.

14) തുല്യവോട്ടുകൾ ലഭിക്കുന്ന സാഹചര്യമുണ്ടായാൽ അപ്രകാരം ലഭിച്ച സ്ഥാനാർത്ഥികളുടെ പേരുകൾ നറുക്കെടുത്ത് വിജയിക്കുന്ന സ്ഥാനാർത്ഥിയെ നിശ്ചയിക്കുന്നതാണ് (21(a), (b), (c), (d) ഖണ്ഡികകൾ നോക്കുക).

15) സ്ഥാനാർത്ഥികൾക്കും തുല്യമായ വോട്ടവകാശമുണ്ടായിരിക്കും.

16) പൊതുയോഗവും തിരഞ്ഞെടുപ്പും നടക്കുന്ന കെട്ടിടത്തിനും അതുൾപ്പെടുന്ന കോമ്പൗണ്ടിനും 300 മീറ്റർ ചുറ്റളവിൽ പ്രചരണമോ ക്യാൻവാസിങ്ങോ നടത്തുന്നത് തിരഞ്ഞെടുപ്പ് ചട്ട വിരുദ്ധമാണ്. അത്തരം പ്രവർത്തികൾ നടത്തുന്നവർ വരണാധികാരി നിർദ്ദേശിക്കുന്ന ശിക്ഷാനടപടികൾക്ക് വിധേയരാവും.

17) പോളിംഗ് സമയം കഴിഞ്ഞാലുടൻ വരണാധികാരിയുടെ മേൽനോട്ടത്തിൽ സ്ഥാനാർത്ഥികളുടെയോ അവർ നിർദ്ദേശിക്കുന്ന പ്രതിനിധികളുടെയോ സാന്നിധ്യത്തിൽ വോട്ടെണ്ണൽ ആരംഭിക്കേണ്ടതും തുടർന്ന് ഓരോ

സ്ഥാനാർത്ഥിക്കും ലഭിച്ച വോട്ടുകൾ പ്രത്യേകം പ്രഖ്യാപിക്കേണ്ടതും ശേഷം വിജയികളെ പ്രഖ്യാപിക്കേണ്ടതുമാണ്.

18) തിരഞ്ഞെടുക്കപ്പെടുന്ന സ്ഥാനാർത്ഥികളുടെ പേരു വിവരങ്ങൾ വരണാധികാരിയുടെ ഒപ്പോടും സീലോടും കൂടി ഔദ്യോഗിക വിജ്ഞാപനമായി സംഘടനയുടെ നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പരസ്യപ്പെടുത്തേണ്ടതാണ്. അംഗങ്ങൾ രേഖാമൂലം ആവശ്യപ്പെടുന്നപക്ഷം പ്രസ്തുത വിജ്ഞാപനത്തിന്റെ പകർപ്പ് അപേക്ഷകരുടെ ചിലവിൽ അയച്ചുകൊടുക്കേണ്ടതുമാണ്. അതിനുവേണ്ട പോസ്റ്റൽ മുദ്ര പതിച്ച കവർ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

19) തിരഞ്ഞെടുപ്പ് നടക്കുന്ന പൊതുയോഗത്തിൽ നേരിട്ട് ഹാജരായി വോട്ടു ചെയ്യുവാൻ പ്രത്യേക സാഹചര്യങ്ങളിൽ കഴിയാതെ പോകുന്നവർ മുൻകൂറായി തിരഞ്ഞെടുപ്പിന് 20 ദിവസം മുൻപ് രേഖാമൂലം വരണാധികാരിക്ക് കിട്ടത്തക്കവിധം അപേക്ഷിക്കേണ്ടതും അപ്രകാരം അപേക്ഷിക്കുന്നവർക്ക് പോസ്റ്റൽ വോട്ട് ചെയ്യുവാനുള്ള സംവിധാനം അനുവദിക്കാവുന്നതുമാണ്. പോസ്റ്റൽ വോട്ട് ചെയ്യുവാനുള്ള പ്രത്യേക ബാലറ്റ് പേപ്പർ അപ്രകാരം ആവശ്യപ്പെടുന്ന അംഗങ്ങൾക്ക് തപാൽ മാർഗ്ഗം രജിസ്ട്രേഡ് പോസ്റ്റ് വഴി അയച്ചുകൊടുക്കുന്നതും അവർ സമ്മതിദാന അവകാശം രേഖപ്പെടുത്തിയ ബാലറ്റ് പേപ്പറുകൾ തപാൽ മാർഗ്ഗം മാത്രം തിരഞ്ഞെടുപ്പ് ദിവസത്തിന് 2 ദിവസം മുമ്പ് വരണാധികാരിക്ക് സംഘടനയുടെ ഓഫീസിൽ ലഭിക്കും വിധം A/D കാർഡോടുകൂടി രജിസ്റ്റർ തപാലിൽ അയച്ചിരിക്കേണ്ടതുമാണ്. എന്നാൽ പ്രസ്തുത ദിവസം പ്രവർത്തിദിവസം അല്ലെങ്കിൽ ആ ദിവസത്തിന്റെ തലേദിവസം 5 മണിക്ക് മുമ്പായി ഓഫീസിൽ ലഭിച്ചിരിക്കേണ്ടതും അത് ഓഫീസിൽ കിട്ടിയെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. അതുകഴിഞ്ഞ് ലഭിക്കുന്ന പോസ്റ്റൽ വോട്ടുകൾ അസാധുവായി പരിഗണിക്കും. തപാൽ വോട്ടുകളുടെ ബാലറ്റ് പേപ്പറുകൾ നേരിട്ട് വാങ്ങുവാനോ വോട്ടുകൾ നേരിട്ട് ഓഫീസിൽ ഏൽപ്പിക്കുവാനോ സാധിക്കുന്നതല്ല. തപാൽവോട്ട് എന്ന് പുറത്തെഴുതി പ്രത്യേകം മുദ്രണം ചെയ്ത കവറുകളിൽ വേണം വോട്ടുകൾ അയക്കുവാൻ. തിരഞ്ഞെടുപ്പിന് 2 ദിവസം മുമ്പ് വരെ ഇപ്രകാരം ലഭിക്കുന്ന തപാൽ വോട്ടുകൾ പൊട്ടിക്കാതെ ഒരു പ്രത്യേക ബുക്കിൽ നമ്പരിട്ട് രജിസ്റ്റർ ചെയ്ത് സൂക്ഷിക്കുന്നതും അന്നു തന്നെ അവ വരണാധികാരിക്ക് കൈമാറേണ്ടതുമാണ്. തിരഞ്ഞെടുപ്പ് കഴിഞ്ഞ് മറ്റ് വോട്ടുകൾ എണ്ണുന്നതിന് മുമ്പായി മാത്രം വരണാധികാരി തപാൽ വോട്ടുകളുടെ കവർ പൊട്ടിക്കുന്നതും വോട്ടുകൾ എണ്ണുന്നതുമാണ്.

19a) തപാൽ വോട്ടിനായി വരണാധികാരി മുമ്പാകെ അപേക്ഷ കൊടുക്കുകയും എന്നാൽ വരണാധികാരി മുൻപാകെ മേൽവിവരിച്ച നിശ്ചിത

സമയത്തിനുള്ളിൽ തപാൽ വോട്ട് തപാൽ മുഖേന വരണാധികാരിക്ക് കിട്ടാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ മേൽപ്പടി അംഗത്തിന് ടിയാന്റെ അംഗത്വ കാർഡ് സഹിതം വരണാധികാരി മുൻപാകെ രേഖാമൂലമായ അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ വരണാധികാരിക്ക് അപേക്ഷയിൽ പറഞ്ഞിരിക്കുന്ന കാരണങ്ങൾ ബോധ്യപ്പെടുന്നപക്ഷം ടി അംഗത്തിനെ നേരിട്ട് വോട്ട് ചെയ്യുവാൻ അനുവദിക്കാവുന്നതാണ്. എന്നാൽ നിശ്ചിത സമയത്തിനുള്ളിൽ ടി അംഗം അയക്കുന്ന തപാൽ വോട്ട് വരണാധികാരിക്ക് കിട്ടുന്ന പക്ഷം ടിയാന് നേരിട്ട് വോട്ട് ചെയ്യാൻ അവകാശം ഉണ്ടായിരിക്കുന്നതല്ല.

19 b) എന്നാൽ അംഗം പോസ്റ്റൽ വോട്ടിനായി അപേക്ഷിക്കുകയും അപ്രകാരം പോസ്റ്റൽ വോട്ട് ചെയ്യുന്നതിനായുള്ള ബാലറ്റ് പേപ്പർ ടി അംഗം കൈപ്പറ്റിയെങ്കിലും ടിയാന് പോസ്റ്റൽ വോട്ട് തപാൽ മാർഗ്ഗം വരണാധികാരിക്ക് നിശ്ചിത സമയത്തിനകം അയച്ചുകൊടുക്കുവാൻ സാധിക്കാതെ വരുന്ന സാഹചര്യത്തിൽ തിരഞ്ഞെടുപ്പ് ദിവസം വരണാധികാരി മുൻപാകെ നേരിട്ട് വോട്ട് ചെയ്യുന്നതിന് ടിയാൻ അപേക്ഷ കൊടുക്കേണ്ടതും അപ്രകാരം ചെയ്യുന്നപക്ഷം ടി അംഗത്തിന് അയച്ചുകൊടുത്ത ഉപയോഗിക്കാത്ത പോസ്റ്റൽ ബാലറ്റ് പേപ്പർ തിരികെ വാങ്ങി റദ്ദാക്കി അംഗത്തിന് നേരിട്ട് വോട്ട് ചെയ്യുന്നതിന് അനുവദിക്കാവുന്നതാണ്. യാതൊരു സാഹചര്യത്തിലും വോട്ടിംഗിന് പ്രോക്സി സൗകര്യം അനുവദിക്കുന്നതല്ല.

20) ആകെ 21 അംഗങ്ങൾ ഉൾക്കൊള്ളുന്ന നിർവ്വാഹക സമിതിയെ ആണ് സംഘടനയുടെ അംഗങ്ങളിൽ നിന്നും തിരഞ്ഞെടുക്കേണ്ടതായുള്ളത്. ഈ ഇരുപത്തിയൊന്നംഗ നിർവ്വാഹകസമിതിയെ തിരഞ്ഞെടുക്കുന്നത് വോട്ടവകാശമുള്ള എല്ലാവരും ചേർന്ന് ആയിരിക്കുമെങ്കിലും ഈ ഇരുപത്തൊന്നംഗങ്ങളെ പ്രാതിനിധ്യ സ്വഭാവമനുസരിച്ച് താഴെപ്പറയുന്ന നാല് കാറ്റഗറികളിൽ നിന്നായി അതാത് കാറ്റഗറികൾ പ്രതിനിധാനം ചെയ്യുന്ന വിഭാഗങ്ങളിൽപ്പെട്ട സ്ഥാനാർത്ഥികളിൽ നിന്നും തിരഞ്ഞെടുക്കുകയാണ് വേണ്ടത്.

i) ഒൻപത് നിർവ്വാഹക സമിതി അംഗങ്ങളെ സംവിധായകരായ അംഗങ്ങളിൽ നിന്നും തിരഞ്ഞെടുക്കുന്ന ‘എ’ കാറ്റഗറി.

ii) അഞ്ച് നിർവ്വാഹകസമിതി അംഗങ്ങളെ തിരക്കഥാകൃത്തുക്കൾ, ഗാനരചയിതാക്കൾ, സംഗീതസംവിധായകർ എന്നീ വിഭാഗങ്ങളിൽപ്പെട്ട അംഗങ്ങളിൽ നിന്നും തിരഞ്ഞെടുക്കുന്ന ‘ബി’ കാറ്റഗറി.

iii) നാല് നിർവ്വാഹകസമിതി അംഗങ്ങളെ ഛായാഗ്രാഹകന്മാർ, പിന്നണി ഗായകർ, പ്രൊഡക്ഷൻ എക്സിക്യൂട്ടീവുമാർ, കലാസംവിധായകർ, ചിത്ര സംയോജകർ എന്നീ വിഭാഗങ്ങളിൽപ്പെട്ട അംഗങ്ങളിൽ നിന്നും തിര ഞ്ഞെടുക്കുന്ന 'സി'കാറ്റഗറി.

iv) മൂന്ന് നിർവ്വാഹകസമിതി അംഗങ്ങളെ കോസ്റ്റ്യൂമർ, മേയ്ക്കപ്പ് ആർട്ടിസ്റ്റ്, സ്റ്റണ്ട് കോ-ഓർഡിനേറ്റർ, പരസ്യകലാകാരന്മാർ (പി.ആർ.ഒ.യും, നിശ്ചല ഛായാഗ്രാഹകരുമടക്കം), ശബ്ദലേഖകൻ, ലാബറട്ടറി ടെക്നീഷ്യൻ, സ്പെഷ്യൽ ഇഫക്ട് ക്യാമറാമാൻ, ഡബ്ബിംഗ് ആർട്ടിസ്റ്റ്, കമ്പ്യൂട്ടർ ഗ്രാഫി ക്സ്, ഡി.ഐ.ടെക്നീഷ്യൻ എന്നീ വിഭാഗങ്ങളിൽ നിന്നും തുടർന്ന് കാലാ കാലങ്ങളിൽ അംഗങ്ങളാകുവാൻ അർഹതയുള്ളതായി ഭരണഘടനാ ഭേദ ഗതി പ്രകാരം പ്രഖ്യാപിക്കുന്ന വിഭാഗങ്ങളിൽ നിന്നുമുള്ള അംഗങ്ങളിൽ നിന്നും തിരഞ്ഞെടുക്കുന്ന 'ഡി' കാറ്റഗറി എന്നിവയാണ് മേൽസൂചിപ്പിച്ച നാല് കാറ്റഗറികൾ.

21 a) 9 പേരാണ് 'എ' കാറ്റഗറിയിൽ നിന്നും തിരഞ്ഞെടുക്കപ്പെടേണ്ടത്. 9 നാമ നിർദ്ദേശങ്ങൾ മാത്രമേ സാധുവായി ലഭിക്കുന്നുള്ളൂ എങ്കിൽ അവ പിൻവ ലിക്കപ്പെടാത്തപക്ഷം അവർ 9 പേരും എതിരില്ലാതെ തിരഞ്ഞെടുക്കപ്പെ ട്ടതായി പ്രഖ്യാപിക്കുന്നതാണ്. 9-ലേറെ സാധുവായ പത്രികകൾ ഉണ്ടാ യാൽ വോട്ടിംഗിൽ ഏറ്റവും കൂടുതൽ വോട്ടുകൾ നേടുന്ന 9 പേരാവും തിരഞ്ഞെടുക്കപ്പെടുക. തുല്യവോട്ടുകൾ 9-ാമതായി തിരഞ്ഞെടുക്കപ്പെടേ ണ്ടവരിൽ 2 പേർക്ക് ലഭിച്ചാൽ അവരിലൊരാളെ നറുക്കെടുപ്പിലൂടെ വിജ യിയായി പ്രഖ്യാപിക്കുന്നതാണ്. 9 പേർ വേണ്ടിടത്ത് 5 ൽ താഴെ നാമ നിർദ്ദേശങ്ങൾ മാത്രമാണ് സാധുവായി ലഭിക്കുന്നതെങ്കിൽ തിരഞ്ഞെടുപ്പ് റദ്ദാക്കുന്നതും പുതുതായി വിജ്ഞാപനം ചെയ്ത് തിര ഞ്ഞെടുപ്പ് നടത്തുകയും ചെയ്യുന്നതാണ്. നാമനിർദ്ദേശപത്രികകൾ സാധു വായി പരിഗണിക്കപ്പെട്ടശേഷവും നിർദ്ദിഷ്ട തീയതിക്കുള്ളിൽ സ്ഥാനാർത്ഥി കൾ പത്രിക പിൻവലിക്കുക വഴി മത്സരാർത്ഥികളുടെ എണ്ണം 5 ൽ താഴെ യാകുന്ന സാഹചര്യമുണ്ടായാലും ഈ വ്യവസ്ഥ ബാധകമായിരിക്കും.

21 b) 5 പേരാണ് 'ബി' കാറ്റഗറിയിൽ നിന്നും തിരഞ്ഞെടുക്കപ്പെടേണ്ടത്. 5 നാമനിർദ്ദേശങ്ങൾ മാത്രമേ സാധുവായി ലഭിക്കുന്നുള്ളൂവെങ്കിൽ അവ പിൻവലിക്കപ്പെടാത്തപക്ഷം അവർ 5 പേരും എതിരില്ലാതെ തിരഞ്ഞെടു ക്കപ്പെട്ടതായി പ്രഖ്യാപിക്കുന്നതാണ്. 5-ലേറെ സാധുവായ പത്രികകൾ ഉണ്ടായാൽ വോട്ടിംഗിൽ ഏറ്റവും കൂടുതൽ വോട്ടുകൾ നേടുന്ന 5 പേരാവും തിരഞ്ഞെടുക്കപ്പെടുക. 5-മതായി തിരഞ്ഞെടുക്കപ്പെടേണ്ടവ രിൽ 2 പേർക്ക് തുല്യ വോട്ടുകൾ ലഭിച്ചാൽ അവരിലൊരാളെ നറുക്കെ

ടുപ്പിലൂടെ വിജയിയായി പ്രഖ്യാപിക്കുന്നതാണ്. 5 പേർ വേണ്ടിടത്ത് 3 ൽ താഴെ നാമനിർദ്ദേശങ്ങൾ മാത്രമാണ് സാധുവായി ലഭിക്കുന്നതെങ്കിൽ തിരഞ്ഞെടുപ്പ് റദ്ദാക്കുന്നതും പുതുതായി വിജ്ഞാപനം ചെയ്ത് തിരഞ്ഞെടുപ്പ് നടത്തുകയും ചെയ്യുന്നതാണ്. നാമനിർദ്ദേശപത്രികകൾ സാധുവായി പരിഗണിക്കപ്പെട്ടശേഷവും നിർദ്ദിഷ്ട തീയതിക്കുള്ളിൽ സ്ഥാനാർത്ഥികൾ പത്രിക പിൻവലിക്കുക വഴി മത്സരാർത്ഥികളുടെ എണ്ണം 3 ൽ താഴെയാകുന്ന സാഹചര്യമുണ്ടായാലും ഈ വ്യവസ്ഥ ബാധകമായിരിക്കും.

21 c) 4 പേരാണ് 'സി' കാറ്റഗറിയിൽ നിന്നും തിരഞ്ഞെടുക്കപ്പെടേണ്ടത്. 4 നാമനിർദ്ദേശങ്ങൾ മാത്രമേ സാധുവായി ലഭിക്കുന്നുള്ളൂവെങ്കിൽ അവ പിൻവലിക്കപ്പെടാത്തപക്ഷം അവർ 4 പേരും എതിരില്ലാതെ തിരഞ്ഞെടുക്കുപ്പെട്ടതായി പ്രഖ്യാപിക്കുന്നതാണ്. 4– ലേറെ സാധുവായ പത്രികകൾ ഉണ്ടായാൽ വോട്ടിംഗിൽ ഏറ്റവും കൂടുതൽ വോട്ടുകൾ നേടുന്ന 4 പേരാകും തിരഞ്ഞെടുക്കുകപ്പെടുക. 4–ാമതായി തിരഞ്ഞെടുക്കപ്പെടേണ്ടവരിൽ 2 പേർക്ക് തുല്യ വോട്ടുകൾ ലഭിച്ചാൽ അവരിലൊരാളെ നറുക്കെടുപ്പിലൂടെ തെരഞ്ഞടുത്ത് വിജയിയായി പ്രഖ്യാപിക്കുന്നതാണ്. 4 പേർ വേണ്ടിടത്ത് 3 ൽ താഴെ നാമനിർദ്ദേശപത്രികകൾ മാത്രമാണ് സാധുവായി ലഭിക്കുന്നതെങ്കിൽ തിരഞ്ഞെടുപ്പ് റദ്ദാക്കുന്നതും പുതുതായി വിജ്ഞാപനം ചെയ്ത് തിരഞ്ഞെടുപ്പ് നടത്തുന്നതുമാണ്. നാമനിർദ്ദേശപത്രികകൾ സാധുവായി പരിഗണിക്കപ്പെട്ടശേഷവും നിർദ്ദിഷ്ട തീയതിക്കുള്ളിൽ സ്ഥാനാർത്ഥികൾ പത്രികകൾ പിൻവലിക്കുക വഴി മത്സരാർത്ഥികളുടെ എണ്ണം 3 ൽ താഴെയാകുന്ന സാഹചര്യമുണ്ടായാലും ഈ വ്യവസ്ഥ ബാധകമായിരിക്കും.

21 d) 3 പേരാണ് 'ഡി' കാറ്റഗറിയിൽ നിന്നും തിരഞ്ഞെടുക്കപ്പെടേണ്ടത്. 3 നാമനിർദ്ദേശങ്ങൾ മാത്രമേ സാധുവായി ലഭിക്കുന്നുള്ളൂവെങ്കിൽ അവ പിൻവലിക്കപ്പെടാത്തപക്ഷം അവർ 3 പേരും എതിരില്ലാതെ തിരഞ്ഞെടുക്കുപ്പെട്ടതായി പ്രഖ്യാപിക്കുന്നതാണ്. 3– ലേറെ സാധുവായ പത്രികകൾ ഉണ്ടായാൽ വോട്ടിംഗിൽ ഏറ്റവും കൂടുതൽ വോട്ടുകൾ നേടുന്ന 3 പേരാകും തിരഞ്ഞെടുക്കുകപ്പെടുക. 3–ാമതായി തിരഞ്ഞെടുക്കപ്പെടേണ്ടവരിൽ 2 പേർക്ക് തുല്യ വോട്ടുകൾ ലഭിച്ചാൽ അവരിലൊരാളെ നറുക്കെടുപ്പിലൂടെ തെരഞ്ഞടുത്ത് വിജയിയായി പ്രഖ്യാപിക്കുന്നതാണ്. 3 പേർ വേണ്ടിടത്ത് 2 ൽ താഴെ നാമനിർദ്ദേശപത്രികകൾ മാത്രമാണ് സാധുവായി ലഭിക്കുന്നതെങ്കിൽ തിരഞ്ഞെടുപ്പ് റദ്ദാക്കുന്നതും പുതുതായി വിജ്ഞാപനം ചെയ്ത് തിരഞ്ഞെടുപ്പ് നടത്തുന്നതുമാണ്. നാമനിർദ്ദേശപത്രിക

കൾ സാധുവായി പരിഗണിക്കപ്പെട്ടശേഷവും നിർദ്ദിഷ്ട തീയതിക്കുള്ളിൽ സ്ഥാനാർത്ഥികൾ പത്രികകൾ പിൻവലിക്കുക വഴി മത്സരാർത്ഥികളുടെ എണ്ണം 2 ൽ താഴെയാകുന്ന സാഹചര്യമുണ്ടായാലും ഈ വ്യവസ്ഥ ബാധകമായിരിക്കും.

21 e) ഇപ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന 21 പേരടങ്ങുന്നതാണ് നിർവ്വാഹകസമിതി. 20 a), (b), (c), (d) ഖണ്ഡങ്ങളിൽ സൂചിപ്പിച്ച പ്രകാരം കാറ്റഗറികളിൽ നിർദ്ദിഷ്ട ആനുപാതിക പ്രാതിനിധ്യം ഇല്ലാതെ വന്നാൽ നിർവ്വാഹകസമിതിയിൽ അംഗങ്ങൾ സ്വാഭാവികമായും 21 ൽ കുറവായിരിക്കും. എങ്കിൽക്കൂടിയും അങ്ങനെ തിരഞ്ഞെടുക്കപ്പെട്ടുവരുന്ന നിർവ്വാഹക സമിതി അംഗങ്ങളുടെ എണ്ണം 13ൽ കുറവല്ലെങ്കിൽ അതോടൊപ്പം ഒന്നോ, അല്ലെങ്കിൽ രണ്ടോ കാറ്റഗറിയിൽ മാത്രമാണ് നിർദ്ദിഷ്ട എണ്ണം പ്രാതിനിധ്യം ഉണ്ടാകാതെ വന്നിട്ടുള്ളതുമെങ്കിൽ 20 a), (b), (c), (d) ഖണ്ഡങ്ങളിൽ പറഞ്ഞപ്രകാരം തിരഞ്ഞെടുപ്പ് റദ്ദാക്കാതെ പതിമൂന്നോ അതിലേറെയോ അംഗങ്ങളുള്ള നിർവ്വാഹകസമിതി, ഒഴിവു വന്ന ഇടങ്ങളിലേക്ക് അതാത് കാറ്റഗറിയിൽ നിന്നും നിർവ്വാഹകസമിതി അംഗമായോ അംഗങ്ങളായോ നാമനിർദ്ദേശം ചെയ്ത് കോ-ഓപ്പ്ട് ചെയ്ത് സമിതിയുടെ അംഗത്വം പ്രാതിനിധ്യഘടന നിലനിർത്തിക്കൊണ്ട് 21 ആക്കുവാനുള്ള അധികാരം തിരഞ്ഞെടുക്കപ്പെട്ട നിർവ്വാഹകസമിതിക്കുണ്ടായിരിക്കും. 13 ൽ താഴെ അംഗങ്ങൾ മാത്രമാണ് നിർവ്വാഹകസമിതിയിൽ തിരഞ്ഞെടുക്കപ്പെട്ട് എത്തുന്നതെങ്കിലോ രണ്ടിലേറെ കാറ്റഗറിയിൽ ഇപ്രകാരം പ്രാതിനിധ്യഅംഗത്വം തികയാതെ വന്നിട്ടുണ്ടെങ്കിലോ ആ തിരഞ്ഞെടുപ്പ് റദ്ദാക്കി 3 മാസത്തിനകം പുതിയതായി വിജ്ഞാപനം ചെയ്ത് തിരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. നിർവ്വാഹക സമിതിയുടെ പ്രവർത്തന കാലത്ത് പിന്നീട് വരുന്ന ഒഴിവുകൾ അവ മേൽപ്രകാരം പ്രാതിനിധ്യ ഘടന നിലനിർത്തിക്കൊണ്ട് നിർവ്വാഹസമിതി അപ്പോഴപ്പോൾ നാമനിർദ്ദേശം ചെയ്ത് കോ-ഓപ്പ്ട് ചെയ്ത് നികത്താവുന്നതാണ്. അപ്രകാരം കോ-ഓപ്പ്ട് ചെയ്യപ്പെടുന്ന അംഗങ്ങളുടെ കാലാവധി തിരഞ്ഞെടുക്കപ്പെട്ട സമിതിയുടെ കാലാവധി തന്നെയായിക്കും.

21 f) മേൽപ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന 21 അംഗ നിർവ്വാഹക സമിതി, അവർ തിരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കുന്ന ദിവസം തന്നെ യോഗം ചേർന്ന് തങ്ങൾക്കുള്ളിൽ നിന്നും താഴെപ്പറയുന്ന ഭാരവാഹികളെ ഭൂരിപക്ഷ തീരുമാനപ്രകാരം തിരഞ്ഞെടുക്കേണ്ടതാണ്.

i) ഒരു ചെയർമാൻ
ii) രണ്ട് വൈസ് ചെയർമാന്മാർ
iii) ഒരു ജനറൽ സെക്രട്ടറി

iv) മൂന്ന് ജോയിന്റ് സെക്രട്ടറിമാർ
v) ഒരു ട്രഷറർ

21 g) ഭാരവാഹികൾ ആരെങ്കിലും പിന്നീട് തൽസ്ഥാനം രാജിവയ്ക്കുന്ന സന്ദർഭ മുണ്ടാകുന്നുവെങ്കിൽ നിർവ്വാഹകസമിതി അംഗങ്ങൾ തങ്ങൾക്കുള്ളിൽ നിന്നും തൽസ്ഥാനത്തേക്ക് ഭൂരിപക്ഷതീരുമാനപ്രകാരം തിരഞ്ഞെടുക്കേ ണ്ടതാണ്. രാജിവച്ച ഭാരവാഹിക്ക് നിർവ്വാഹക സമിതി അംഗമായി തുട രാവുന്നതാണ്. സമിതി അംഗത്വം തുടരണമോ തൽസ്ഥാനം രാജിവയ്ക്ക ണമോ എന്നത് പ്രസ്തുത വ്യക്തി സ്വയം തീരുമാനിക്കേണ്ടതും രാജി ക്കത്തിൽ കൃത്യതയോടെ വ്യക്തമാക്കേണ്ടതുമാണ്.

21 h) നിർവ്വാഹകസമിതിയിൽ അപ്പപ്പോൾ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് മാത്രമേ പ്രാതിനിധ്യഘടന നിലനിർത്തിക്കൊണ്ട് നാമനിർദ്ദേശം ചെയ്ത് കോ-ഓപ്ട് ചെയ്യുവാൻ നിർവ്വാഹകസമിതിക്ക് അധികാരമുണ്ടായിരിക്കൂ. ഏതെ ങ്കിലും കാരണവശാൽ ഭരണസമിതി അംഗത്വത്തിൽ നിന്നും ഒരംഗം രാജി വയ്ക്കുന്നപക്ഷം ആ ഒഴിവിലേക്ക് നിലവിലുള്ള മറ്റു നിർവ്വാഹക സമി തിയിലെ അംഗങ്ങൾക്ക് ടി സമിതി കാലാവധി വരെ സംഘടനയുടെ മറ്റ് അംഗങ്ങളിൽ നിന്നും കോ-ഓപ്ട് ചെയ്യുവാൻ അധികാരം ഉണ്ടായി രിക്കുന്നതാണ്. അപ്രകാരം കോ- ഓപ്ട് ചെയ്യപ്പെടേണ്ടത് 20-ാം ഖണ ഡത്തിൽ വിവരിക്കുന്ന അതത് കാറ്റഗറിയിൽ നിന്നുമായിരിക്കണം. ഭാര വാഹി സ്ഥാനത്താണ് ഒഴിവ് വരുന്നതെങ്കിൽ തൽസ്ഥാനത്തേക്ക് നില വിലുള്ള നിർവ്വാഹക സമിതി അംഗങ്ങളിൽ നിന്നും മാത്രമേ തിരഞ്ഞെ ടുക്കാൻ അനുവാദമുള്ളൂ.

21 i) മാക്ട അംഗത്വത്തിനുള്ള അർഹത 3 ചിത്രങ്ങൾ എന്നത് 2015 ജൂൺ 27 ലെ വിശേഷാൽ പൊതുയോഗതീരുമാനപ്രകാരം ഒരു ചിത്രം എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. അപ്രകാരം അംഗത്വം നേടുന്നവർക്ക് തെരഞ്ഞെ ടുപ്പുകളിൽ വോട്ടവകാശമുണ്ടായിരിക്കും. എന്നാൽ മേൽ ഭേദഗതിക്ക് ഇതി നാൽ കൂട്ടിച്ചേർക്കുന്ന അനുബന്ധ വ്യവസ്ഥപ്രകാരം 3 ചിത്രങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ അവർക്ക് തിരഞ്ഞെടുപ്പുകളിൽ മത്സരിക്കുവാനുള്ള അർഹത ഉണ്ടായിരിക്കുകയുള്ളൂ. തിരഞ്ഞെടുപ്പിൽ മറ്റ് അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുവാനും പിന്താങ്ങുവാനും അവർക്ക് അർഹതയുണ്ടായിരിക്കും.

21 j) നിർവ്വാഹക സമിതിക്ക് അതിന്റെ പ്രഥമ യോഗത്തിൽ അംഗത്വ പ്രാബല്യ മുള്ള അസ്സോഷ്യേറ്റ് അംഗങ്ങളിൽ നിന്നും ഒരാളെ സമിതിയിലേക്ക് നാമ നിർദ്ദേശം ചെയ്ത് ഉൾപ്പെടുത്താവുന്നതാണ്. അപ്രകാരം ഉൾപ്പെടുത്തുന്ന

ആൾക്ക് പക്ഷേ നിർവ്വാഹ സമിതി തീരുമാനങ്ങളിൽ വോട്ടവകാശം ഉണ്ടായിരിക്കുന്നതല്ല.

21 k) നിർവ്വാഹകസമിതിക്ക് ഏതെങ്കിലും കാറ്റഗറിയിൽപ്പെട്ട സമിതി അംഗമല്ലാത്ത ഒരു അംഗത്തിന്റെ സേവനം ആവശ്യമായി ഭൂരിപക്ഷാഭിപ്രായപ്രകാരം തോന്നുന്നപക്ഷം അങ്ങനെയുള്ള അംഗങ്ങളെ പരമാവധി 3 പേരിൽ കവിയാതെ സമിതിയിലേക്ക് നാമനിർദ്ദേശം ചെയ്ത് കോ-ഓപ്റ്റ് ചെയ്യാവുന്നതാണ്. ഇവരടക്കം നിർവ്വാഹകസമിതിയിലെ ആകെ അംഗസംഖ്യ 25 ൽ കവിഞ്ഞുകൂടാത്തതാണ്. അപ്രകാരം അംഗമായി വരുന്നവർക്ക് പക്ഷേ നിർവ്വാഹക സമിതി തീരുമാനങ്ങളിൽ വോട്ടവകാശം ഉണ്ടായിരിക്കുന്നതല്ല.

21 l) മേൽ 21 (j), (k) ഖണ്ഡങ്ങൾ പ്രകാരമല്ലാതെയും ഏതെങ്കിലും അംഗത്തെ ആവശ്യമെങ്കിൽ പ്രത്യേക ക്ഷണിതാവായി സമിതിയിലേക്ക് ക്ഷണിക്കുവാൻ ഭൂരിപക്ഷ തീരുമാനപ്രകാരം നിർവ്വാഹക സമിതിക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കും. അപ്രകാരമുള്ള ക്ഷണിതാവിന് നിർവ്വാഹക സമിതിയുടെ യോഗത്തിൽ വോട്ടിങ്ങ് അവകാശം ഉണ്ടായിരിക്കുന്നതല്ല.

22) നിർവ്വാഹകസമിതിയിലെ പ്രാതിനിധ്യം വിവിധ കാറ്റഗറികൾക്ക് ആനുപാതികമായി വരുംവിധം മേൽപ്പറഞ്ഞ പ്രകാരമായിരിക്കുമെങ്കിലും എല്ലാ കാറ്റഗറിയിലുംപ്പെട്ട അംഗങ്ങൾക്ക് നിർവ്വാഹകസമിതി അംഗങ്ങളെ തിരഞ്ഞെടുക്കുവാനുള്ള പൊതുവായ വോട്ടവകാശമുണ്ടായിരിക്കുന്നതാണ്.

23) പ്രാതിനിധ്യ അനുപാതപ്രകാരമുള്ള 21 അംഗ സമിതിയിലേക്ക് വ്യക്തിഗതമായാണ് മത്സരം. ഇതുവരെ നിലവിലിരുന്ന പാനൽ സമ്പ്രദായം മാറ്റിക്കൊണ്ടുള്ള 2015 ജൂൺ 27 ന് ചേർന്ന വിശേഷാൽ പൊതുയോഗ തീരുമാനപ്രകാരമാണ് വ്യക്തിഗത വോട്ടിംഗ് സമ്പ്രദായം 2016 ലെ തെരഞ്ഞെടുപ്പുമുതൽ പ്രാബല്യത്തിൽ വന്നത്.

24) എ, ബി, സി, ഡി എന്നീ കാറ്റഗറികളിലായി യഥാക്രമം ഒൻപതും അഞ്ചും നാലും മൂന്നും നിർവ്വാഹകസമിതി അംഗങ്ങളെ (ആകെ ഇരുപത്തിയൊന്ന്) തിരഞ്ഞെടുക്കുവാനാണ് വ്യക്തിഗത പത്രികകൾ നൽകേണ്ടത്. ആനുപാതിക സംഖ്യയിലേറെ പത്രികകൾ ഓരോ ഗ്രൂപ്പിലും ഉണ്ടെങ്കിൽ രഹസ്യബാലറ്റിലൂടെ തെരഞ്ഞെടുപ്പ് നടത്തുന്നതും ഭൂരിപക്ഷം കിട്ടുന്ന ആനുപാതിക സംഖ്യ പ്രകാരമുള്ള അംഗങ്ങൾ തിരഞ്ഞെടുക്കപ്പെടേണ്ടതായി പ്രഖ്യാപിക്കുന്നതുമായിരിക്കും.

25) ഈ നടപടിക്രമങ്ങളിൽ ആവശ്യമെന്ന് തോന്നുന്ന ഭേദഗതികൾ പൊതു യോഗത്തിന്റെ അനുവാദത്തോടെ മാത്രമേ നിർവാഹക സമിതിക്ക് മാറ്റം വരുത്തുവാൻ ഉള്ള അധികാരം ഉണ്ടായിരിക്കുകയുള്ളൂ.

26) വോട്ടവകാശമുള്ള എല്ലാ അംഗങ്ങളും അവർക്ക് വരിസംഖ്യ, കുടിശ്ശിക ഉണ്ടെങ്കിൽ ആയത് തിരഞ്ഞെടുപ്പ് വിജ്ഞാപന തിയ്യതി മുതൽ പതിനഞ്ച് (15) ദിവസത്തിനകം അടക്കേണ്ടതാണ്. കുടിശ്ശിക തീർക്കാത്തവർക്ക് മത്സ രിക്കുവാനോ പിന്താങ്ങുവാനോ നാമനിർദ്ദേശം ചെയ്യുവാനോ അർഹതയു ണ്ടായിരിക്കുന്നതല്ല. അതിനുശേഷം വരണാധികാരി അർഹരായ അംഗ ങ്ങളുടെ പേരുവിവരങ്ങൾ ചേർത്ത് കരട് വോട്ടർ പട്ടിക സംഘടനയുടെ നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ടി കരട് വോട്ടർപട്ടികയെ സംബന്ധിച്ച് തർക്കങ്ങളുള്ള അംഗങ്ങൾ കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ച് 7 ദിവസത്തിനകം വരണാധികാരി മുമ്പാകെ തെളിവുകൾ സഹിതം പരാതിപ്പെടേണ്ടതും ആയത് പരിഗണിച്ച് 3 ദിവ സത്തിനകം അസ്സൽ വോട്ടർപട്ടിക സംഘടനയുടെ ഓഫീസ് നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. അപ്ര കാരമുള്ള വോട്ടർപട്ടികയുടെ സാധുതയെ ആർക്കും തന്നെ ചോദ്യം ചെയ്യാൻ അവകാശമുണ്ടായിരിക്കുന്നതല്ല.

27) വരണാധികാരിയോട് ആദരപൂർവ്വം പെരുമാറുവാൻ അംഗങ്ങൾ ബാധ്യ സ്ഥരാണ്.

28) തിരഞ്ഞെടുപ്പ് വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയതിനുശേഷം തിരഞ്ഞെ ടുപ്പിനെ സംബന്ധിച്ച് അംഗങ്ങൾക്ക് കോടതിയെ സമീപിക്കുവാൻ അവ കാശമുണ്ടായിരിക്കുന്നതല്ല. തിരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള തർക്കങ്ങൾ, തിരഞ്ഞെടുപ്പ് ഫലപ്രഖ്യാപന തിയ്യതി മുതൽ 30 ദിവസത്തിനകം വ്യക്ത മായ കാരണങ്ങൾ ഉണ്ടെങ്കിൽ മാത്രം കോടതിയെ സമീപിച്ച് നിവൃത്തി തേടുന്നതിന് അവകാശമുണ്ടായിരിക്കുകയുള്ളൂ. ഈ വ്യവസ്ഥ ലംഘി ക്കുന്നത് അച്ചടക്കലംഘനമായി ഗൗരവപൂർവ്വം പരിഗണിക്കുന്നതാണ്.